## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 53 | 10-06-2014 ലെ മറുപടിയ്ക്ക്

### കാരുണ്യ ഡയാലിസിസ് സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. റ്റി. എൻ. പ്രതാപൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കാരുണ്യ ചികിൽസാ ധനസഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ 5 മെഡിക്കൽകോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11/07/2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കോട്ടയം, തൃശൂർ, മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 27 താലൂക്ക് തല സർക്കാരാശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

PTO

(ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വൃക്ക രോഗികൾക്ക് യഥാസമയം ചികിത്സലഭിക്കുന്നതിന് സർക്കാർ ആശുപത്രികളിൽ നിലവിലുള്ള സൗകര്യം പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ പേർക്ക് ചുരുങ്ങിയ നിരക്കിൽ ഡയാലിസിസ് സൗകര്യം ലഭ്യമാക്കുക എന്നതാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ ചികിത്സാധനസഹായത്തിന് അപേക്ഷിക്കുന്ന രോഗികൾക്ക് അനുവദിക്കുന്ന തുകയിൽ, ഡയാലിസിസിന് ആവശ്യമായ തുക ബന്ധപ്പെട്ട സെന്ററുകളിലേക്കും ഇതിനാവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്കും നൽകുന്നു. സെന്ററുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലസൗകര്യം, വിദഗ്ധരുടെ സേവനം എന്നിവ ബന്ധപ്പെട്ട ആശുപത്രിയാണ് ലഭ്യമാക്കേണ്ടത്. ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെയാണ് ഏല്പിച്ചിട്ടുള്ളത്. സെന്റർ തുടങ്ങുന്നതിന് ആവശ്യമായ തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്.

(സി) വൃക്ക രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) വൃക്കരോഗികൾക്ക് കൂടുതൽ ചികിത്സാസൗകര്യം ലഭിക്കാനായി ഓരോ ഡയാലിസിസ് സെന്ററുകളിലും 10 മെഷീൻ വീതമുള്ള യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. ഡയാലിസിസ് ചികിത്സക്കുള്ള എല്ലാ ആധുനിക

സജ്ജീകരണങ്ങളും പ്രസ്തുത സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 10 ഡയാലിസിസ് മെഷീനുകളുള്ള ഒരു യൂണിറ്റ് മൂന്ന് ഷിഫ്റ്റായി പ്രവർത്തിക്കും. ഒരു ഷിഫ്റ്റിൽ 10 രോഗികൾ വീതം ഒരു ദിവസം പരമാവധി 30 പേർക്ക് ഡയാലിസിസ് സൗകര്യം ഉണ്ടാകും. ഒരാഴ്ച ഒരു രോഗിക്ക് ശരാശരി 2 ഡയാലിസിസ് വീതം 90 രോഗികൾക്ക് ഡയാലിസിസ് നൽകാനാകും. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരമാവധി ധനസഹായമായ 2 ലക്ഷം രൂപ ഉപയോഗിച്ച് കുറഞ്ഞത് 121 ആഴ്ച ഡയാലിസിസ് നൽകും. ഡയാലിസിസിന്റെ ഭാഗമായി വരുന്ന പരിശോധനകളും ചികിത്സകളും ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം തരം ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | നിലവിൽ ആധുനിക സൗകര്യങ്ങളും വിദഗ്ധ സേവന സൗകര്യങ്ങളും ഉള്ള ഗവ. മെഡിക്കൽ കോളേജുകളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശൂർ എന്നീ മെഡിക്കൽ കോളേജുകളിലാണ് ഡയാലിസിസ് സെന്ററുകൾ പ്രവർത്തനം തുടങ്ങുന്നത്. തിരുവനന്തപുരത്ത് 11-07-2013 മുതൽ പൂർണ്ണ രീതിയിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ തെരഞ്ഞെടുത്ത 27 താലൂക്ക്തല സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# LIST OF GOVT HOSPITALS PROPOSED FOR STARTING DIALYSIS CENTRES WITH THE FINANCIAL ASSISTANCE OF KARUNYA BENEVOLENT FUND VIDE GO (RT) NO. 114/2013/TD DATED 5-2-2013

| Sl. No | Hospital | Place | Dist |
|---|---|---|---|
| 1 | Taluk Head Quarters Hospital | Chirayinkil | Thiruvananthapuram |
| 2 | Dist Hospital | Neyyattinkara | Thiruvananthapuram |
| 3 | Dist Hospital | Nedumangad | Thiruvananthapuram |
| 4 | Fort Hospital | Thiruvananthapuram | Thiruvananthapuram |
| 5 | Taluk Head Quarters Hospital | Kottarakara | Kollam |
| 6 | Taluk Head Quarters Hospital | Pulanur | Kollam |
| 7 | Taluk Head Quarters Hospital | Chethala | Alappuzha |
| 8 | Taluk Head Quarters Hospital | Alappuzha | Alappuzha |
| 9 | Taluk Head Quarters Hospital | Ranni | Pathanamthitta |
| 10 | General Hosptial | Adoor | Pathanamthitta |
| 11 | Taluk Head Quarters Hospital | Changanassery | Kottayam |
| 12 | General Hosptial | Pala | Kottayam |
| 13 | Taluk Head Quarters Hospital | Peerumed | Idukki |
| 14 | Taluk Head Quarters Hospital | Muvattupuzha | Ernakulam |
| 15 | Taluk Head Quarters Hospital | North Parur | Ernakulam |
| 16 | Taluk Head Quarters Hospital | Vadakkancherry | Thrissur |
| 17 | Taluk Head Quarters Hospital | Kunnamkulam | Thrissur |
| 18 | Taluk Head Quarters Hospital | Ottappalam | Palakkad |
| 19 | Taluk Head Quarters Hospital | Mannarkad | Palakkad |
| 20 | Taluk Head Quarters Hospital | Koyilandy | Kozhikkode |
| 21 | Taluk Head Quarters Hospital | Thamarassery | Kozhikkode |
| 22 | Taluk Head Quarters Hospital | Thaliparamba | Kannur |
| 23 | General Hosptial | Thalassery | Kannur |
| 24 | District Hospital | Kanjangad | Kasaragod |
| 25 | Taluk Head Quarters Hospital | Neeleswaram | Kasaragod |
| 26 | Taluk Head Quarters Hospital | Sulthan Bathery | Wayanad |
| 27 | General Hosptial | Kalpetta | Wayanad |